പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.604

01.12.2015-ൽ മറുപടിയ്ക്ക്

## പൊതുമേഖലയിലെ പുതിയ വ്യവസായ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെയായി വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിലെ വേങ്ങരയിൽ സിഡ്കോയുടെ അധീനതയിൽ ആധുനിക സ്റ്റീൽ ഫർണീച്ചർ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകി പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരികയാണ്. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ എത്ര പുതിയ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ; ഈ സ്ഥാപനങ്ങൾ തുടങ്ങുകവഴി എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒൻപത് പൊതുമേഖലാ യൂണിറ്റുകളാണ് അനുവദിക്കപ്പെട്ടത്. ഇവ അനുബന്ധമായി ചേർത്തിരിക്കുന്നു. എന്നാൽ ഇവയിൽ 6 സ്ഥാപനങ്ങളിലാണ് വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചത്.<br><br>വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കാത്ത പദ്ധതികൾ ചുവടെ ചേർക്കുന്നു<br>കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള<br><br>1.ആലപ്പുഴ ജില്ലയിലെ കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ<br>2.കണ്ണൂർ ജില്ലയിലെ പിണറായിയിലെ ഹൈടെക് വീവിംഗ് മിൽ<br>3.കാസർഗോഡ് ജില്ലയിലെ ഉദുമ ടെക്സ്റ്റൈൽ മിൽ. |

പദ്ധതി തുടങ്ങുന്നതിനാവശ്യമായ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനുമതി, വൈദ്യുതി കണക്ഷന്റെ ലഭ്യത മുതലായവയിലെ സാങ്കേതികതകൾ,പൂർണ്ണതോതിൽ ഉൽപാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ചില യന്ത്രസാമഗ്രികളുടെ അപര്യാപ്തത എന്നിവയാണ് പ്രധാനമായും ഈ മൂന്നു പദ്ധതികളിലും വ്യാവസായിക ഉൽപ്പാദനം ആരംഭിക്കുന്നതിനുണ്ടായ കാലതാമസം. ഇതോടൊപ്പം തന്നെ ഈ മൂന്നു പദ്ധതികളിലേക്കാവശ്യമായ തൊഴിലാളി കളേയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നിയമനപ്രക്രിയ യുടെ നിയമസാധുത ചോദ്യം ചെയ്തുകൊണ്ട് വിവിധ കേസുകൾ ബഹു: കേരളാ ഹൈക്കോടതി യുടെ പരിഗണന യിലാണ്. കൂടാതെ കോമളപുരം സ്പിന്നിംഗ് മിൽ ഏറ്റെടുക്കൽ നടപടിക്കെതിരെയും ഒരു കേസ് ബഹു.കേരളാ ഹൈക്കോടതിയിൽ നിലവിലുണ്ട്. ഇതെല്ലാം വ്യാവസായികോൽപ്പാദ നം നീണ്ടുപോകവാൻ കാരണമായിട്ടുണ്ട്. നിലവിലുള്ള കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കി ഇവയുടെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതോടൊപ്പം തന്നെ കോമളപുരം സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതി നാവ ശ്യമായ പ്രവർത്തനമൂലധനമായി 596.04 ലക്ഷം രൂപ സർക്കാർ നൽകിയിട്ടുണ്ട്.

183 പേർക്ക് പുതിയതായി തൊഴിൽ നൽകുവാൻ (കരാർ നിയമനമുൾപ്പെടെ) സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| *I. Green Field Projects* | | |
|---|---|---|
| **Sl. No.** | **Company** | **Units / Projects** |
| 1 | Kerala State Textile Corporation Ltd | Komalapuram Spinning and Weaving Mills, **Alappuzha** – KSTC |
| 2 | Kerala State Textile Corporation Ltd | Hi Tech Weaving Mill, **Kannur** – KSTC |
| 3 | Kerala State Textile Corporation Ltd | Uduma Textile Mill, **Kasargode** – KSTC |
| 4 | Kerala Small Industries Development Corporation Ltd | Tool room cum Training Centre, **Kozhikode** - Kerala SIDCO. |
| 5 | Kerala State Electronics Development Corporation Ltd | Tool room cum Training Centre, **Kuttippuram** – KSEDC |
| 6 | Traco Cable Company Ltd | House Wiring cable Unit, **Kannur** – TRACO |
| 7 | Steel and Industrial Forgings ltd | Machining Unit, **Shornur** – SIFL |
| 8 | Kerala State Bamboo Corporation Ltd | Hi-Tech Bamboo Tile Factory, **Kozhikode** – KSBC |
| 9 | Kerala State Industrial Enterprises Ltd | Container Freight Station, **Ernakulam** – KSIE |

സെക്ഷൻ ഓഫീസർ